2 55 41
29/11/17

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി അക്കാദമിയുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം എസ്) നം.40/2017/സാം.കാ.വ** **തീയതി, തിരുവനന്തപുരം, 28/11/2017**

പരാമർശം:- കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 21.03.2017 ലെ 635/എൻ.പി3/2017 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംഗീത നാടക അക്കാദമി സെക്രട്ടറി ഇപ്പോൾ ഉപയോഗിക്കുന്ന വാഹനം ദൂരയാത്രയ്ക്ക് ഉപയുക്തമാകാത്തവിധം പഴക്കം ചെന്നു എന്നു മാത്രമല്ല, അതിന് വേണ്ടി വരുന്ന ആവർത്തന ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുള്ളതായി അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ അക്കാദമി ഉപയോഗിച്ചു വരുന്ന ടാറ്റ സുമോ ഗ്രാൻഡെ ഇപ്പോഴുള്ള അവസ്ഥയിൽ പൊതുലേലത്തിൽ വച്ച് വിൽക്കുന്നതിനുള്ള മതിപ്പ് വിലയായി 2.5 ലക്ഷം രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) കണക്കാക്കിയിട്ടുണ്ടെന്നും അക്കാദമി വാങ്ങാനുദ്ദേശിക്കുന്ന പുതിയ വാഹനത്തിന്റെ ഇൻവോയിസ് പ്രകാരം വാഹനത്തിന്റെ വില 16,66,380/-(പതിനാറു ലക്ഷത്തി അറുപത്താറായിരിത്തി മുന്നൂറ്റി എൺപതു രൂപ) ആണെന്നും വാഹന വിലയിൽ നിന്ന് ലേല തുക കിഴിച്ച ബാക്കി തുക ആയ 14,16,380/-രൂപ (പതിനാലു ലക്ഷത്തി പതിനാറായിരിത്തി മുന്നൂറ്റി എൺപതു രൂപ) പ്രത്യേക ഫണ്ടായി അനുവദിക്കണമെന്നും അക്കാദമി സെക്രട്ടറി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങുന്നതിനായി അക്കാദമി ഉപയോഗിച്ചു വരുന്ന ടാറ്റ സുമോ ഗ്രാൻഡെ ഇപ്പോഴുള്ള അവസ്ഥയിൽ പൊതുലേലത്തിൽ വച്ച് വിൽക്കുന്നതിനും അതിനുള്ള മതിപ്പ് വിലയായി നിശ്ചയിച്ചിട്ടുള്ള 2.5 ലക്ഷം രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) കിഴിച്ച് ബാക്കി തുക ആയ **14,16,380/-(പതിനാലു ലക്ഷത്തി പതിനാറായിരിത്തി മുന്നൂറ്റി എൺപതു രൂപ)** രൂപ പ്ലാൻ ഫണ്ടിൽ നിന്ന് കണ്ടെത്തി **16,66,380/-രൂപയ്ക്ക് (പതിനാറു ലക്ഷത്തി അറുപത്താറായിരിത്തി മുന്നൂറ്റി എൺപതു രൂപ)** പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

**സെക്രട്ടറി**

സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (07.09.2017 ലെ EDN-C3/261/2017-FIN) പ്രകാരം

GA(SC) വകുപ്പ് (22.11.2017 ലെ ഇനം നമ്പർ 1661 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2060

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 22-11-2017**

ഫയൽ നം.എ1/171/2017/സി.എൽ.എ.ഡി. ഇനം നം: 1661

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

മുൻ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

B. SUNIL KUMAR
Deputy Secretary to Govt.
Cultural Affairs Department
Govt. Secretariat,
Thiruvananthapuram

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | : എ 1/171/2017/സി.എൽ.എ.ഡി |
| 2) | വകുപ്പ് | : സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | : കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത്- സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 11/10/17 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | : അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഗീത കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി.റാണിജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16/11/2017 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.കെ.എം.എബ്രഹാം |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 18/11/2017 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | :20/11/2017 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | :21/11/2017 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള സംഗീത നാടക അക്കാദമി സെക്രട്ടറി ഇപ്പോൾ ഉപയോഗിക്കുന്ന അംബാസഡർ വാഹനം ദൂരയാത്രയ്ക്ക് ഉപയുക്തമാകാത്തവിധം പഴക്കം ചെന്നു എന്നു മാത്രമല്ല, അതിന് വേണ്ടി വരുന്ന ആവർത്തന ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുള്ളതായി അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ കേരള സംഗീത നാടക അക്കാദമി സെക്രട്ടറി എന്ന നിലയിൽ കേരളമൊട്ടാകെ യാത്ര ചെയ്യുന്നതിന് ഈ വാഹനം തീർത്തും ഉപയോഗപ്രദമല്ലായെന്നും അക്കാദമി സെക്രട്ടറി അറിയിച്ചു. സംഗീത നാടക അക്കാദമിയിൽ ഉള്ള മറ്റൊരു വാഹനമായ ടാറ്റ സുമോ ഗ്രാൻഡെ ഇപ്പോൾ കേടുപാടുകൾ തീർത്താലും ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ ആണ് എന്നും ആയതിനാൽ അക്കാദമി സെക്രട്ടറിക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങിക്കുന്നതിന് അനുവാദം നൽകണമെന്നും ഇതിന് വേണ്ട അധിക തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്നും അക്കാദമി സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടു.

3. 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംഗീത നാടക അക്കാദമിക്ക് 490 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ കാർ വാങ്ങുന്നതിനായി പ്രത്യേക തുക ബജറ്റിലോ 2017-18-ലെ പദ്ധതി രൂപരേഖയിലോ (Plan write up) ഉൾപ്പെടുത്തിയിട്ടില്ല.

4. ഈ വിഷയത്തിൽ ഫയൽ ആസൂത്രണ സാമ്പത്തിക കാര്യ

വകുപ്പിൽ അയച്ചപ്പോൾ താഴെ പറയുംപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"പഴയ വാഹനത്തിന്റെ വില കഴിച്ച് അധികമായി വരുന്ന തുക ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി, കേരള സംഗീത നാടക അക്കാദമി സെക്രട്ടറിക്ക് യാത്ര ചെയ്യുന്നതിനായി ഒരു വാഹനം വാങ്ങുന്നതിനുവേണ്ടി പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിച്ചുകൊള്ളുന്നു."

5. കേരള സംഗീത നാടക അക്കാദമി ഉപയോഗിച്ചു വരുന്ന ടാറ്റ സുമോ ഗ്രാൻഡെ ഇപ്പോഴുള്ള അവസ്ഥയിൽ പൊതുലേലത്തിൽ വച്ച് വിൽക്കുന്നതിന് അതിനുള്ള മതിപ്പ് വിലയായി 250000/-രൂപ ആയി കണക്കാക്കിയിട്ടുണ്ടെന്നും അക്കാദമി വാങ്ങാനുദ്ദേശിക്കുന്ന പുതിയ വാഹനത്തിന്റെ ഇൻവോയിസ് പ്രകാരം വാഹനത്തിന്റെ വില 16,66,380/- ആണെന്നും വാഹന വിലയിൽ നിന്ന് ലേല തുക കിഴിച്ച ബാക്കി തുക ആയ 14,16,380/- രൂപ പ്രത്യേകം ഫണ്ടായി ഈ നടപ്പുവർഷത്തിൽ തന്നെ അനുവദിക്കണമെന്നും അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

6. ഈ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യവകുപ്പിലേയ്ക്കയച്ചപ്പോൾ താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടു.

കേരള സംഗീത നാടക അക്കാദമിയിലെ വിൽക്കാനുദ്ദേശിക്കുന്ന ടാറ്റ സുമോ ഗ്രാൻഡെ കാറിന് പകരമായി കരാർ അടിസ്ഥാനത്തിൽ ഒരു കാർ ഏർപ്പെടുത്തുന്നതിന് ധന വകുപ്പ് അനുമതി നല്കുന്നു .

7. ബഹു.മുഖ്യമന്ത്രി, കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുമതി നൽകിയ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശം മറികടന്ന് കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി നിലവിലുള്ള ടാറ്റാ സുമോ ഗ്രാൻഡെ ലേലം ചെയ്ത് വിൽക്കുന്നതിന് മതിപ്പ് വിലയായി ബന്ധപ്പെട്ട അധികാരികൾ നിശ്ചയിച്ച 2,50,000/-രൂപ കിഴിച്ച് ബാക്കി തുകയായ 14,16,380/-രൂപ നടപ്പ് സാമ്പത്തിക വർഷത്തെ അക്കാദമിയുടെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തി 16,66,380/-രൂപ ചിലവിൽ പുതിയ ഇന്നോവ ക്രിസ്റ്റോ കാർ വാങ്ങുന്നതിന് അനുമതി നൽകാമോ?